ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം. എ1-1965/2014/സിഇ/തസ്വഭവ

തീയതി : 04.12.2015

# സർക്കുലർ

വിഷയം:- തസ്വഭവ – ജീവനക്കാര്യം – പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ സംബന്ധിച്ച് –

സൂചന:
1) ജി.ഒ(പി)നം. 148/2015/തസ്വഭവ തീയതി 30.04.2015.
2) ജി.ഒ(പി)നം. 150/2015/തസ്വഭവ തീയതി 30.04.2015.
3) ജി.ഒ(പി)നം. 152/2015/തസ്വഭവ തീയതി 30.04.2015.
4) ജി.ഒ(പി)നം. 153/2015/തസ്വഭവ തീയതി 30.04.2015.
5) ജി.ഒ(പി)നം. 179/2015/തസ്വഭവ തീയതി 26.05.2015.

സൂചനയിൽ പ്രതിപാദിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ 31 ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി ഉയർത്തുകയും, കണ്ണൂർ ജില്ലയിലെ 5 ഗ്രാമപഞ്ചായത്തുകൾ കണ്ണൂർ മുനിസിപ്പാലിറ്റിയോട് കൂട്ടിച്ചേർത്ത് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനായി ഉയർത്തുകയും, കൊല്ലം ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്ത് കൊല്ലം കോർപ്പറേഷനോട് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

മേൽസാഹചര്യത്തിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ, ടി ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് സെക്ഷനുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ അതാത് നഗരസഭകളിൽ തന്നെ തുടരേണ്ടതാണ്. പ്രസ്തുത ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച് ഈ ഓഫീസിലെ ഇ7/3530/14/സിഇ/തസ്വഭവ (Vol II) തീയതി 13.11.2015 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ ബാധകമായിരിക്കുന്നതാണ്.

ചീഫ് എൻജിനീയർ

P 1503